**The Kerala Co-Operative Hospital Complex, the Academy of Mecical sciences and Allied Institutions (Taking over and Administration) Act, 2019**

Act 13 of 2019

**Keyword(s):**
Academy of Medical Sciences, Cooperative Hospital Complex, Financial Institution, Establishment, Allied Institution, Societies

DISCLAIMER: This document is being furnished to you for your information by PRS Legislative Research (PRS). The contents of this document have been obtained from sources PRS believes to be reliable. These contents have not been independently verified, and PRS makes no representation or warranty as to the accuracy, completeness or correctness. In some cases the Principal Act and/or Amendment Act may not be available. Principal Acts may or may not include subsequent amendments. For authoritative text, please contact the relevant state department concerned or refer to the latest government publication or the gazette notification. Any person using this material should take their own professional and legal advice before acting on any information contained in this document. PRS or any persons connected with it do not accept any liability arising from the use of this document. PRS or any persons connected with it shall not be in any way responsible for any loss, damage, or distress to any person on account of any action taken or not taken on the basis of this document.

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

2269
31/11/20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2019 ഡിസംബർ 07<br>07th December 2019<br>1195 വൃശ്ചികം 21<br>21st Vrishchikam 1195<br>1941 അഗ്രഹായനം 16<br>16th Agrahayana 1941 | നമ്പർ<br>No. 3005 |


കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

വിജ്ഞാപനം

നമ്പർ 6746/ ലെഗ്-എച്ച് 1/2018/നിയമം.

*തിരുവനന്തപുരം, 2019 ഡിസംബർ 7.*
*1195 വൃശ്ചികം 21.*
*1941 അഗ്രഹായനം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2019 ഡിസംബർ 6-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു. പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2019-ലെ 13-ാം ആക്ട്

## 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട്

കണ്ണൂർ ജില്ലയിലെ പരിയാരത്ത് കേരള സംസ്ഥാന സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും യഥാക്രമം നടത്തി വന്നിരുന്നതും നിലവിൽ സർക്കാർ നിയമിച്ച കൺട്രോൾ ബോർഡ് ഭരണ നിർവ്വഹണം നടത്തിക്കൊണ്ടിരിക്കുന്നതുമായ സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുക്കുന്നതിനും നടത്തിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടിയുള്ള

ഒരു

ആക്ട്

പീഠിക.—കണ്ണൂർ ജില്ലയിലെ പരിയാരത്ത് കേരള സംസ്ഥാന സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും യഥാക്രമം നടത്തി വന്നിരുന്നതും നിലവിൽ സർക്കാർ നിയമിച്ച കൺട്രോൾ ബോർഡ് ഭരണ നിർവ്വഹണം നടത്തിക്കൊണ്ടിരിക്കുന്നതുമായ സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുക്കുന്നതിനും നടത്തിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 2-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "മെഡിക്കൽ സയൻസസ് അക്കാദമി" എന്നാൽ കണ്ണൂർ ജില്ലയിലെ പരിയാരത്തെ മെഡിക്കൽ സയൻസസ് അക്കാദമി എന്നറിയപ്പെടുന്നതും 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിൻ (1860-ലെ XXI-ാം കേന്ദ്ര ആക്ട്) കീഴിൽ 1993-ലെ 503-ാം നമ്പർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോടെ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സൊസൈറ്റി എന്നർത്ഥമാകുന്നു;

KNPP. 1373/2019.

(ബി) "കൺട്രോൾ ബോർഡ്" എന്നാൽ 2018-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും (നടത്തിപ്പും ഭരണനിർവ്വഹണവും ഏറ്റെടുക്കൽ) ഓർഡിനൻസിലെ (2019-ലെ 1) 3-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട കൺട്രോൾ ബോർഡ് എന്നർത്ഥമാകുന്നു;

(സി) "സഹകരണ ആശുപത്രി കോംപ്ലക്സ്" എന്നാൽ 1969-ലെ കേരള സഹകരണ സംഘ ആക്ടിൻ (1969-ലെ 21) കീഴിൽ 4386-ാം നമ്പർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോടെ രജിസ്റ്റർ ചെയ്യപ്പെട്ട കണ്ണൂർ ജില്ലയിലെ കേരള സംസ്ഥാന സഹകരണ ആശുപത്രി കോംപ്ലക്സും സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡും എന്നറിയപ്പെടുന്ന സഹകരണ സംഘം എന്നർത്ഥമാകുന്നു;

(ഡി) "ധനകാര്യ സ്ഥാപനങ്ങൾ" എന്നാൽ സൊസൈറ്റികൾ സ്ഥാപനങ്ങളുടെ നടത്തിപ്പിനായോ ഭൗതിക സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് വേണ്ടിയോ പണം വായ്പയായി വാങ്ങിയിട്ടുള്ള ബാങ്കുകൾ, സഹകരണ ബാങ്കുകൾ അതുപോലെയുള്ള മറ്റ് പണമിടപാട് സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(ഇ) "സ്ഥാപനങ്ങൾ" എന്നാൽ മെഡിക്കൽ സയൻസസ് അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും കീഴിൽ സ്ഥാപിക്കപ്പെട്ട പരിയാരം മെഡിക്കൽ കോളേജും മറ്റ് അനുബന്ധ സ്ഥാപനങ്ങളും സഹകരണ ആശുപത്രി കോംപ്ലക്സിനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ കോളേജ് ആശുപത്രിയും ഇവയോട് ബന്ധപ്പെട്ടതും അതിനായി ഉപയോഗിക്കുന്നതുമായ ഡിസ്പെൻസറികളും അതിൽ മെഡിക്കൽ കോളേജുമായോ ആശുപത്രിയുമായോ ബന്ധപ്പെട്ടോ, കൂട്ടിച്ചേർത്തോ അനുബന്ധമായോ ഉപയോഗിക്കുന്ന എല്ലാ കെട്ടിടങ്ങളും ലക്ചർ മുറികളും മ്യൂസിയങ്ങളും പരീക്ഷണശാലകളും ഗ്രന്ഥശാലകളും ഹോസ്റ്റലുകളും ബോർഡിംഗ് മന്ദിരങ്ങളും ഉൾപ്പെടുന്നതും, ഇപ്പോൾ 2018-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും (നടത്തിപ്പും ഭരണനിർവ്വഹണവും ഏറ്റെടുക്കൽ) ഓർഡിനൻസിലെ (2019-ലെ 1) വ്യവസ്ഥകൾ പ്രകാരം കൺട്രോൾ ബോർഡിന്റെ കൈവശത്തിലും ഭരണ നിയന്ത്രണത്തിലുമുള്ളതായ മെഡിക്കൽ കോളേജിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആശുപത്രിയിലും ഉള്ള എല്ലാ ആസ്തികളും അവകാശങ്ങളും അധികാരങ്ങളും അധികാരപ്പെടുത്തലുകളും വിശേഷാധികാരങ്ങളും ഫർണിച്ചറും സ്റ്റോറുകളും സജ്ജീകരണങ്ങളും മോട്ടോർ വാഹനങ്ങളും മറ്റു വാഹനങ്ങളും നീക്കിയിരുപ്പും കരുതൽ ഫണ്ടും നിക്ഷേപങ്ങളും ബുക്കടകടങ്ങളും മറ്റെല്ലാ ജംഗമാവകാശങ്ങളും താൽപ്പര്യങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "അനുബന്ധ സ്ഥാപനങ്ങൾ" എന്നാൽ മെഡിക്കൽ സയൻസസ് അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ഡെന്റൽ കോളേജ്, അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കോളേജ് ഓഫ് നഴ്സിംഗ് - പരിയാരം, സ്കൂൾ ഓഫ് നഴ്സിംഗ് - പരിയാരം, സഹകരണ ഹൃദയാലയ, പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ - മെഡിക്കൽ സയൻസസ് എന്നിവ ആകുന്നു;

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഐ) "ഓർഡിനൻസ്" എന്നാൽ 2018-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും (നടത്തിപ്പും ഭരണനിർവ്വഹണവും ഏറ്റെടുക്കൽ) ഓർഡിനൻസ് (2019-ലെ 1) എന്നർത്ഥമാകുന്നു;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(കെ) "സൊസൈറ്റികൾ" എന്നാൽ സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും എന്നർത്ഥമാകുന്നു;

(എൽ) "സ്പെഷ്യൽ ഓഫീസർ" എന്നാൽ 7-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർ എന്നർത്ഥമാകുന്നു.

3. സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം കൺട്രോൾ ബോർഡ് സർക്കാരിന് കൈമാറണമെന്ന്.—തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഏതെങ്കിലും കരാറിലോ മറ്റു പ്രമാണത്തിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നാലുടൻ തന്നെ സ്ഥാപനങ്ങളുടെ ഭരണം കൺട്രോൾ ബോർഡ് സർക്കാരിന് കൈമാറേണ്ടതാണ്.

4. സ്ഥാപനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാകുമെന്ന്.—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നു മുതലും, തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ഉത്തരവിലോ വിധിന്യായത്തിലോ ഡിക്രിയിലോ അല്ലെങ്കിൽ ഏതെങ്കിലും കരാറിലോ മറ്റ് പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്ഥാപനങ്ങളും, അനുബന്ധ സ്ഥാപനങ്ങളും അവയുടെ എല്ലാ ആസ്തികളും അവകാശങ്ങളും താൽപ്പര്യങ്ങളും അവ നേരിട്ടോ അവയ്ക്ക് വേണ്ടിയോ വാങ്ങിയിട്ടുള്ളതും അങ്ങനെയുള്ള തീയതിയിൽ അവശേഷിക്കുന്നതുമായ കടങ്ങളും അവയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള എല്ലാത്തരം ബാദ്ധ്യതകളും കടപ്പാടുകളും ഉൾപ്പെടെ, സർക്കാരിൽ നിക്ഷിപ്തമാകുന്നതും അവയെ സംബന്ധിച്ച് ഏതെങ്കിലും വ്യക്തികൾക്കോ മറ്റുസ്ഥാപനങ്ങൾക്കോ സൊസൈറ്റികളുടെ ഓഹരി ഉടമകൾക്കോ ഉള്ള അവകാശവും കൈവശാവകാശവും താൽപ്പര്യങ്ങളും ഇല്ലാതാകുന്നതുമാണ്.

5. നിക്ഷിപ്തമാക്കലിന്റെ പൊതുവായ ഫലം.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ അല്ലെങ്കിൽ ഏതെങ്കിലും കരാറിലോ മറ്റ് കരണങ്ങളിലോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടു മുമ്പ് സ്ഥാപനങ്ങളെ സംബന്ധിച്ച് എന്തുതന്നെ അടങ്ങിയിരുന്നാലും അവയെല്ലാം അപ്രകാരമുള്ള പ്രാരംഭം മുതൽ അവസാനിച്ചതായി കരുതപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യത്തിനു തൊട്ടുമുമ്പ് സ്ഥാപനങ്ങളുടെ ചുമതലയും ഭരണ നിയന്ത്രണവും കൈകാര്യം ചെയ്തിരുന്ന കൺട്രോൾ ബോർഡ് അങ്ങിനെയുള്ള പ്രാബല്യം മുതൽ അവയുടെ ചുമതലയും ഭരണ നിയന്ത്രണവും ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

6. തുക നൽകൽ.—4-ാം വകുപ്പ് പ്രകാരം സ്ഥാപനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനെ തുടർന്ന് സർക്കാർ താഴെ പറയുന്ന വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ സൊസൈറ്റികൾക്ക് തുക നൽകേണ്ടതാണ്.

7. തുക തിട്ടപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കൽ.—(1) 6-ാം വകുപ്പിൽ പറയുന്ന തുക നിശ്ചയിക്കുന്ന ആവശ്യത്തിലേയ്ക്കായി കണക്കുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രാവീണ്യവും മതിയായ അനുഭവജ്ഞാനവുമുള്ള ഒരാളെ സർക്കാർ വിജ്ഞാപനം വഴി സ്പെഷ്യൽ ഓഫീസറായി നിയമിക്കേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം സ്പെഷ്യൽ ഓഫീസർക്ക് നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് അദ്ദേഹത്തെ സഹായിക്കുന്നതിനായി ഉചിതമെന്ന് കരുതുന്ന അങ്ങിനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും സർക്കാരിന് നിയോഗിക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറയുന്ന സ്പെഷ്യൽ ഓഫീസറുടെയും മറ്റു ഉദ്യോഗസ്ഥരുടെയും ശമ്പളവും ബത്തകളും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

8. സൊസൈറ്റികൾക്ക് നൽകേണ്ടതായ തുക.—സൊസൈറ്റികൾക്ക് സർക്കാർ നൽകേണ്ടതായ തുക എന്നാൽ മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും നടത്തിപ്പിനും പ്രവർത്തനത്തിനുമായി സൊസൈറ്റികൾ അവയുടെ സ്വന്തം ചെലവിൽ പണികഴിപ്പിച്ചിട്ടുള്ളതായ കെട്ടിടങ്ങളുടെയും സജ്ജമാക്കി യിട്ടുള്ളതായ മറ്റു ഭൗതിക സൗകര്യങ്ങളുടെയും, വാങ്ങിച്ചിട്ടുള്ളതും ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ ഉപകരണങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയ എല്ലാ ജംഗമ വസ്തുക്കളുടെയും, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിന് ശേഷം തയ്യാറാക്കപ്പെടുന്ന ആദ്യത്തെ ബാലൻസ് ഷീറ്റ് പ്രകാരം തേയ്മാനം കിഴിച്ചിട്ടുള്ള തുകയിൽ നിന്നും 9-ാം വകുപ്പ് പ്രകാരം തട്ടിക്കിഴിക്കുന്ന തുക കിഴിച്ചുള്ള തുക ആകുന്നു.

9. നൽകേണ്ടതായ തുകയിൽ നിന്നുള്ള തട്ടിക്കിഴിക്കലുകൾ.—8-ാം വകുപ്പിൽ പറയുന്ന തുകയിൽ നിന്ന് താഴെപ്പറയുന്ന തുകകൾ തട്ടിക്കിഴിക്കാൻ സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സൊസൈറ്റികൾക്ക് സർക്കാർ ഇതുവരെ നൽകിയിട്ടുള്ളതും അവയിൽ സർക്കാരിന് തിരിച്ച് നൽകേണ്ടതുമായ തുകകൾ;

(ബി) സൊസൈറ്റികൾ സർക്കാരിന് നൽകേണ്ടതായ എല്ലാ തുകകളും അവയുടെ പലിശയും;

(സി) സൊസൈറ്റികൾ കടപ്പെട്ടിരിക്കുന്ന ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ ആ ഇനത്തിൽ സൊസൈറ്റികൾക്കുവേണ്ടി തിരിച്ചടവ് നടത്തിയിട്ടുള്ള തുകകൾ;

(ഡി) മറ്റേതെങ്കിലും വിധത്തിൽ സർക്കാർ സൊസൈറ്റികൾക്കു വേണ്ടിയോ സ്ഥാപനങ്ങൾക്കുവേണ്ടിയോ ചെലവഴിച്ചിട്ടുള്ളതായ തുകകൾ;

(ഇ) സർക്കാർ ഗ്യാരണ്ടി നിന്നതിന്റെ ഫലമായോ അല്ലാതെയോ സൊസൈറ്റികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ ഇനി തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയും അവയുടെ പലിശയും ഗ്യാരണ്ടി കമ്മിഷനും;

(എഫ്) 4-ാം വകുപ്പു പ്രകാരം സ്ഥാപനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാകു ന്നതിന്റെ ഫലമായി അടച്ചുതീർക്കുവാനുള്ളതായി സ്പെഷ്യൽ ഓഫീസർ കണ്ടെത്തുന്ന മറ്റേതെങ്കിലും തുകകൾ.

10. സ്പെഷ്യൽ ഓഫീസർ പാലിക്കേണ്ട നടപടിക്രമം.—(1) 8-ഉം 9-ഉം വകുപ്പുകളിൽ പറഞ്ഞിരിക്കുന്നതായ തുകകൾ തിട്ടപ്പെടുത്തുന്നതിനുള്ള തെളിവ് ശേഖരിക്കുന്നതിന്റെ ആവശ്യത്തിലേക്കായോ സഹായത്തിനായോ സ്പെഷ്യൽ ഓഫീസർക്ക്, സർക്കാരിന്റെയോ സ്ഥാപനങ്ങളുടെയോ സൊസൈറ്റികളുടെയോ ബന്ധപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ വിളിച്ചുവരുത്താവുന്നതും അപ്രകാരം സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥനോ ജീവനക്കാരനോ സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെടുന്ന രേഖകളോ സഹായമോ നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(2) ഇപ്രകാരം ചുമതല നിർവ്വഹിക്കുന്നതിൽ സ്പെഷ്യൽ ഓഫീസർക്ക് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ നേരിടുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് അദ്ദേഹത്തിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ സഹായം തേടാവുന്നതും അപ്രകാരമുള്ള സഹായം നൽകുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(3) സ്പെഷ്യൽ ഓഫീസർ, അദ്ദേഹത്തെ നിയമിച്ച തീയതി മുതൽ ആറു മാസത്തിനകം 8-ഉം 9-ഉം വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന തുകകൾ തിട്ടപ്പെടുത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്:

എന്നാൽ, സാഹചര്യം ആവശ്യപ്പെടുന്ന പക്ഷം ലിഖിതമായ കാരണങ്ങളാൽ സർക്കാരിന്, വിജ്ഞാപനം വഴി, റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി പരമാവധി ഒരു വർഷം വരെ നീട്ടി നൽകാവുന്നതാണ്.

(4) 8-ഉം 9-ഉം വകുപ്പുകളിൽ പറയുന്ന തുകകൾ തിട്ടപ്പെടുത്തുമ്പോൾ സ്പെഷ്യൽ ഓഫീസർക്ക് സർക്കാരിന്റെയും സൊസൈറ്റികളുടെയും സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യം കൂടി ആവശ്യപ്പെടാവുന്നതാണ്.

11. തുക നൽകുന്ന രീതി.—(1) 8-ാം വകുപ്പ് പ്രകാരം നൽകേണ്ടതായ തുകയും 9-ാം വകുപ്പ് പ്രകാരം സർക്കാരിന് അവകാശപ്പെട്ട കിഴിക്കലുകളും തിട്ടപ്പെടുത്തി, നൽകേണ്ടതായ തുകയിൽ നിന്നും കിഴിക്കലുകൾ കിഴിച്ച ശേഷം സൊസൈറ്റികൾക്ക് നൽകുവാൻ അവശേഷിക്കുന്ന അറ്റതുക തിട്ടപ്പെടുത്തി സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചാൽ ഉടൻതന്നെ സർക്കാർ അത് പരിശോധിക്കേണ്ടതും അപ്രകാരം നൽകേണ്ടതായ തുക, റിപ്പോർട്ട് ലഭിച്ച തീയതി മുതൽ ആറ് മാസത്തിനകം സൊസൈറ്റികൾക്ക് നൽകേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) 8-ാം വകുപ്പ് പ്രകാരം സർക്കാർ സൊസൈറ്റികൾക്ക് നൽകേണ്ടതായ തുക 9-ാം വകുപ്പ് പ്രകാരം കണക്കാക്കിയ തുകയ്ക്ക് തുല്യമോ അതിനേക്കാൾ കുറവോ ആണെങ്കിൽ സർക്കാർ യാതൊരു തുകയും സൊസൈറ്റികൾക്ക് നൽകേണ്ടതില്ലാത്തതാകുന്നു.

12. സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കൽ.—(1) കൺട്രോൾ ബോർഡിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് തീയതിക്ക് തൊട്ടുമുൻപ്, സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ അദ്ധ്യാപകരും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ആ ഉത്തരവ് തീയതി മുതൽ, അതതുസംഗതിപോലെ, നിർണ്ണയിക്കപ്പെടുന്ന തീയതി വരെ ഓർഡിനൻസ് വിളംബരപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ അയാൾക്ക് ഉണ്ടാകുമായിരുന്ന അതേ കാലാവധിയോടെയും അതേ ശമ്പളത്തോടെയും അതേ നിബന്ധനകളോടെയും അതേ ഉപാധികളോടെയും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന ശേഷവും ഉദ്യോഗം വഹിക്കേണ്ടതാണ്. ഈ ആക്റ്റിന്റെ പ്രാബല്യത്തെ തുടർന്ന് സ്ഥാപനങ്ങൾ സർക്കാരിൽ നിക്ഷിപ്തമായതിനുശേഷമുള്ള, അത്തരം അദ്ധ്യാപകരുടേയും ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും സേവനവേതനവ്യവസ്ഥകൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരമോ സർക്കാർ ഇതിലേയ്ക്കായി പുറപ്പെടുവിക്കുന്ന ഉത്തരവിൻ പ്രകാരമോ ആയിരിക്കുന്നതാണ്.

(2) സ്ഥാപനങ്ങൾ ഒരു പ്രോവിഡന്റ് ഫണ്ടോ, സൂപ്പർ ആന്വേഷൻ ഫണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ടോ അങ്ങനെയുള്ള സ്ഥാപനത്തിൽ ജീവനക്കാരനായ വ്യക്തിക്ക് പ്രയോജനകരമാകുന്നതിനായി രൂപീകരിച്ചിട്ടുള്ള പക്ഷം, ഈ ആക്റ്റ് പ്രകാരമോ അതിനു കീഴിലോ ആരുടെ സേവനങ്ങളാണോ മാറിയത് ആ ഉദ്യോഗസ്ഥനെയോ മറ്റ് ജീവനക്കാരെയോ സംബന്ധിച്ച തുക നിർണ്ണയിക്കപ്പെടുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

13. ടി.ബി. സാനറ്റോറിയം നിലനിർത്തുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—(1) പരിയാരം മെഡിക്കൽ കോളേജ് പരിസരത്ത് സ്ഥിതി ചെയ്യുന്ന 'ടി.ബി. സാനറ്റോറിയ'ത്തിനെ സർക്കാർ നിലനിർത്തേണ്ടതും, പരേതനായ സാമുവൽ ആരോൺ ഉണ്ടാക്കിയ 1950 ജൂൺ 5-ാം തീയതിയിലെ 812-ാം നമ്പർ പ്രമാണത്തിൽ വിവരിച്ചിരിക്കുന്ന പ്രകാരം ടി. ബി. രോഗികൾക്ക് ചികിത്സ നൽകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ടി.ബി. സാനറ്റോറിയത്തിന്റെ ശരിയായ ഭരണനിർവ്വഹണത്തിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അങ്ങനെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

14. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം, ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാ നടപടികളോ മറ്റ് നിയമ നടപടികളോ സർക്കാരിനോ സ്പെഷ്യൽ ഓഫീസർക്കോ സ്പെഷ്യൽ ഓഫീസറുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കോ ആളുകൾക്കോ എതിരായി നിലനിൽക്കുന്നതല്ല.

15. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനും ഉത്തരവിനും, അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റിലല്ലാതെ മറ്റേതെങ്കിലും നിയമത്തിലോ, ഈ ആക്റ്റ് അല്ലാതെ മറ്റേതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും രേഖയിലോ കരണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്.

16. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം വഴി ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻ കീഴിൽ മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

17. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഉത്തരവുമൂലം, സന്ദർഭം ആവശ്യപ്പെടുന്നതുപോലെ, അത്തരം വൈഷമ്യങ്ങൾ നീക്കുന്നതിന് ആവശ്യമെന്ന് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത, ഏതൊരു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷങ്ങൾക്ക് ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

18. സൊസൈറ്റികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—4-ാം വകുപ്പ് പ്രകാരം, സ്ഥാപനങ്ങളും അനുബന്ധ സ്ഥാപനങ്ങളും എല്ലാ ആസ്തി ബാധ്യതകളോടെ സർക്കാരിൽ നിക്ഷിപ്തമായതിന് ശേഷവും മെഡിക്കൽ സയൻസസ് അക്കാദമി, സഹകരണ ആശുപത്രി കോംപ്ലക്സ് എന്നീ സൊസൈറ്റികൾ അവ രജിസ്റ്റർ ചെയ്ത നിയമങ്ങൾക്ക് കീഴിൽ, അതത് സംഗതിപോലെ, നിലനിൽക്കുന്നതും പ്രസ്തുത നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ അവയ്ക്ക് പ്രവർത്തിക്കാവുന്നതുമാണ്:

എന്നാൽ, ഈ ആക്റ്റിൻ കീഴിൽ സർക്കാർ ഏറ്റെടുത്ത സ്ഥാപനങ്ങളുടെ മേൽ പ്രസ്തുത സൊസൈറ്റികൾക്ക് യാതൊരുവിധ അവകാശമോ നിയന്ത്രണമോ ഉണ്ടായിരിക്കുന്നതല്ലാത്തതും അവ ഈ ആക്റ്റിലെ 15-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയവുമായിരിക്കുന്നതാണ്.

19. നിലവിലുള്ള നിയമനടപടികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, സ്ഥാപനങ്ങളാലോ അവയ്ക്ക് എതിരായോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ ഏതെങ്കിലും വ്യവഹാരമോ ഹർജിയോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നുണ്ടെങ്കിൽ അവ അത്തരം തീയതി മുതൽ സർക്കാരോ സർക്കാരിനെതിരായോ, അതതു സംഗതിപോലെ, തുടരേണ്ടതാണ്.

20. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ഓർഡിനൻസ് (2019-ലെ 24) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA
## Law (Legislation-H) Department

NOTIFICATION

No.6746/Leg-H1/2018/Law.

*Dated, Thiruvananthapuram, 7th December, 2019*
*21st Vrischikam, 1195*
*16th Agrahayana, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Co-operative Hospital Complex, the Academy of Medical Sciences and Allied Institutions (Taking over and Administration) Act, 2019 (13 of 2019).

By order of the Governor,

ARAVINTHA BABU. P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്റ്റ്" published under the authority of the Governor.]

## ACT 13 OF 2019

## THE KERALA CO-OPERATIVE HOSPITAL COMPLEX, THE ACADEMY OF MEDICAL SCIENCES AND ALLIED INSTITUTIONS (TAKING OVER AND ADMINISTRATION) ACT, 2019

*An Act to provide for taking over and administering the Co-operative Hospital Complex, the Academy of Medical Sciences and allied institutions by the Government, which were run by the Kerala State Co-operative Hospital Complex and Academy of Medical Sciences, respectively, in Pariyaram, Kannur District and are now managed by the Board of Control appointed by the Government and for matters connected therewith or incidental thereto.*

*Preamble.*— WHEREAS, it is expedient to provide for taking over and administering the Co-operative Hospital Complex, the Academy of Medical Sciences and allied institutions by the Government, which were run by the Kerala State Co-operative Hospital Complex and Academy of Medical Sciences, respectively, in Pariyaram, Kannur District and are now managed by the Board of Control appointed by the Government and for matters connected therewith or incidental thereto;

BE it enacted in the Seventieth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Co-operative Hospital Complex, the Academy of Medical Sciences and Allied Institutions (Taking over and Administration) Act, 2019.

(2) It shall be deemed to have come into force on the 2nd day of March, 2019.

2. *Definitions.*— In this Act, unless the context otherwise requires,—

(a) "Academy of Medical Sciences" means the society known as Academy of Medical Sciences, Pariyaram, Kannur District, registered with Certificate of Registration No.503 of 1993 under the Societies Registration Act, 1860 (Central Act XXI of 1860);

(b) "Board of Control " means the Board of Control appointed as per section 3 of the Kerala Co-operative Hospital Complex and the Academy of Medical Sciences (Taking over the Management and Administration) Ordinance, 2018 ( 1 of 2019);

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(c) "Co-operative Hospital Complex" means the Co-operative Society known as the Kerala State Co-operative Hospital Complex and Centre for Advanced Medical Services Limited, Kannur District, registered with Certificate of Registration No.4386 under the Kerala Co-operative Societies Act, 1969 (21 of 1969);

(d) "Financial Institution" means banks, co-operative banks and other banking institutions from where the societies have availed loans for the functioning of or improving the physical facilities of the establishments;

(e) "Establishments" means the Pariyaram Medical College and allied institutions established under the Memorandum of Association, rules and regulations of the Academy of Medical Sciences and the Medical College Hospital established by the Co-operative Hospital complex together with the dispensaries attached thereto and used in connection therewith and includes all buildings, lecture rooms, museums, laboratories, libraries, hostels and boarding houses used in connection with or as accessories to or adjuncts of the said medical college and hospital, all assets, rights, powers, authorities and privileges, furniture, stores, equipments, automobiles and other vehicles, cash balance, reserve fund, investments and book debts and all other movable rights and interests in the medical college and hospital now in the possession and administrative control of the Board of Control as per the provisions in the Kerala State Co-operative Hospital Complex and Academy of Medical Sciences (Taking over the Management and Administration) Ordinance, 2018 (1 of 2019);

(f) "allied institutions" means Pariyaram Medical College, Pariyaram Dental College, Academy of Pharmaceutical Sciences, College of Nursing – Pariyaram, School of Nursing – Pariyaram, Sahakarana Hridayalaya, Pariyaram Medical College Public School and Institute of Para – Medical Sciences functioning under the Medical Sciences Academy;

(g) "Government" means the Government of Kerala;

(h) "notification" means a notification published in the Official Gazette;

(i) "Ordinance" means the Kerala Co-operative Hospital Complex and the Academy of Medical Sciences (Taking over the Management and Administration) Ordinance, 2018 ( 1 of 2019);

(j) "prescribed" means prescribed by rules made under this Act;

(k) "Societies" means the Co-operative Hospital Complex and the Academy of Medical Sciences;

(l) "Special Officer" means the officer appointed under sub-section (1) of section 7.

3. *Board of Control to handover the administration of the establishments to Government.*—Notwithstanding anything contained in any other law for the time being in force or in any judgment or decree of any Court or in any contract or other document or order, the Board of Control shall handover the administration of the establishments to the Government immediately on the commencement of this Act.

4. *Establishments to vest in Government.*—Notwithstanding anything contained in any other law for the time being in force or in any order or Judgment or decree of any Court or in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

any contract or other document, on and from the date of commencement of this Act, the establishments and allied institutions together with all its assets, rights, interests, balance outstanding on such date in the borrowings made by it directly or on behalf of it and all other liabilities and obligations of all kind related to it, shall vest in Government and any right, possession and interests of any individuals, or other institutions or shareholders of the societies in respect of it shall be ceased.

5. *General effect of vesting.*—(1) Notwithstanding anything contained in any other law for the time being in force or in any order or judgment or decree of any Court or in any contract or other document, relating to the establishments immediately before the commencement of this Act, the same shall be deemed to have been terminated on such commencement.

(2) The Board of Control who had managed and administered the establishments immediately before the commencement of this Act shall be deemed to have vacated its administration and management on such commencement.

6. *Payment of Amount.*—In pursuance of the vesting of the establishments in the Government under section 4, the Government shall pay the amount to societies in the manner provided in the following sections.

7. *Appointment of Special Officer for determining the amount.*—(1) The Government shall by notification, appoint a person having expertise and adequate experience in matters relating to accounts, as special officer for the purpose of fixing the amount specified in section 6.

(2) For assisting the Special Officer in exercising the powers conferred on him under this Act the Government may depute such other officers as think fit.

(3) The salaries and allowances of the Special Officer and other officers mentioned sub-sections (1) and (2) shall be as fixed by the Government.

8. *Amount payable to the Societies.*— Amount payable to the societies means the amount as per the first balance sheet prepared after the commencement of this Act, that is spent by the societies from their own fund for constructing building, setting up of other physical facilities, purchasing all movables like equipments and furniture which are now in use, for the administration and functioning of the Medical College, Hospital and allied institutions, after deducting the depreciation and deducting the amount deducted as per section 9.

9. *Deductions from the payable amount.*—The Government shall be entitled to deduct the following sums from the amount specified in section 8, namely:—

(a) amount, to be repaid by the societies from amount so far given by the Government;

(b) all amounts and its interest due to the Government from the societies;

(c) the amount due to any financial institutions to which societies are indebted, which are repaid by the Government on behalf of the societies in that account;

(d) amount spent by the Government, by any other means, for the societies or establishments;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(e) the balance amount of loan which are availed by the societies from various financial institutions, on Government guarantee or otherwise, its interest and guarantee commission;

(f) any other amount determined by the Special Officer to be repaid as a result of vesting of the establishments in the Government as per section 4.

10. *Procedure to be followed by the Special Officer.*—(1) The Special Officer may summon any officer or employee concerned, of the Government or establishments, or societies for the purpose of collecting evidence or for assistance in determining the amounts specified in sections 8 and 9 and if the Special Officer so requires, such officer or employee shall be bound to give the records or assistance required by the Special Officer.

(2) If any hindrances is caused to the Special Officer in performing such functions, he may seek the assistance of the Executive Magistrate concerned for resolving the same and he shall be bound to provide such assistance.

(3) The Special Officer shall submit a report to the Government, determining the amount specified in sections 8 and 9, within six months from the date of his appointment:

Provided that if the circumstances so warrants, Government may, on reasons recorded in writing, by notification, extend the period of submission of report up to a maximum of one year.

(4) The Special Officer may seek the presence of the officials concerned of the Government, societies and establishments or their representatives also, while determining the amount specified in sections 8 and 9.

11. *Manner of payment of amount.*—(1) Immediately on the submission of the report by the Special Officer, determining the amount payable as per section 8 and the net amount to be paid to the societies, after adjusting the deductions eligible to the Government, determined under section 9, the Government shall examine the same and pay such amount payable to the societies within six months from the date of receipt of the report.

(2) If the amount payable by the Government to the societies under section 8 is equal to or less than the amount determined under section 9, Government shall not pay any amount to the societies.

12. *Determination of the service conditions of the officers and other employees in the establishments.*—(1) Every officer and other employee who immediately before the date of order of appointment of the Board of Control, is employed in or in connection with the establishments and allied institutions, even after commencement of this Act shall hold office from the date of that order, as officer or other employee, as the case may be, for the same tenure, with the same remuneration and upon the same terms and conditions till the prescribed date as he would have held if this Act has not been passed. After the vesting of establishments in the Government, by virtue of this Act, the service conditions of such teachers, officers and employees shall be as prescribed or as per the orders issued by the Government in this behalf.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) Where the establishments have constituted a provident fund or superannuation fund or any other fund for the benefit of the person, employed in such establishment, the amounts in respect of the officer or other employees whose services have become transferred, by or under this Act shall be dealt with in such manner as may be prescribed.

13. *Special provision for maintaining T.B. Sanatorium.*—(1) The Government shall maintain the T.B. Sanatorium situated in the premises of the Pariyaram Medical College and shall provide treatment to the T.B patients as described in document number 812 dated the 5th day of June, 1950 created by the Late Samuel Aaron.

(2) For the proper administration of the T.B sanatorium referred to in sub-section (1), the Government may give such directions as it deems fit and not in contrary to the provisions of this Act.

14. *Protection of actions taken in good faith.*—No suit, prosecution, penal action or other legal proceedings shall lie against the Government or the Special Officer or any other officers or persons who acted in accordance with the directions of the Special Officer, for anything done or intended to be done in good faith as per this Act.

15. *Overriding effect of Act.*—The provisions of this Act or any rule or order made thereunder shall have overriding effect notwithstanding anything inconsistent therewith contained in any law other than this Act or any instrument having effect by virtue of any law other than this Act.

16. *Power to make rules.*—(1) The Government may, by notification, make rules to carry out the purposes of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if before the expiry of the session in which it is so laid; or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

17. *Power to remove difficulties.*—If any difficulty arises in giving effect to the provisions of this Act, the Government may, by order, as occasion requires, do anything not inconsistent with the provisions of this Act which appears to them to be necessary for the purpose of removing such difficulties:

Provided that no such order shall be issued after the expiry of two years from the date of commencement of this Act.

18. *Special provisions regarding societies.*—(1) Even after the vesting of all assets and liabilities of the establishments and the allied institutions in Government as per section 4, the societies that is, the Academy of Medical Sciences, the Co-operative Hospital Complex may continue to exist under the laws as per which they are registered, as the case may be, and they may function in the manner stipulated in the said laws:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Provided that the said societies shall have no right or control over the establishments taken over by the Government under this Act and it shall be subjected to the provisions of section 15 of this Act.

19. *Special provisions regarding existing legal proceedings.*—On and from the date of commencement of this Act, any suit, petition or other legal proceedings pending before any court, tribunal or authority by or against the establishments be continued from such date by or against the Government, as the case may be.

20. *Repeal and saving.*—(1) The Kerala Co-operative Hospital Complex, the Academy of Medical Sciences and Allied Institutions (Taking over and Administration) Ordinance, 2019 (24 of 2019) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M C
Date:2019.12.07 08:05:32 +05: